# സ്വാതന്ത്ര്യദിന സന്ദേശം




**പി.കെ പാറക്കടവ്**

കുഞ്ഞുകഥകളിലൂടെ മലയാളത്തിന് പരിചിതൻ. നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഒട്ടേറെ അവാർഡുകളും ലഭിച്ചിട്ടുണ്ട്.




പ്രിയപ്പെട്ട കൂട്ടുകാരേ,

നിങ്ങളൊക്കെ സ്വതന്ത്ര ഇന്ത്യയിൽ ജനിച്ചവരാണ്. 'പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം ' എന്ന് നിങ്ങൾ കേട്ടിട്ടുണ്ടാകുമല്ലോ. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയ ചരിത്രം നിങ്ങൾ വായിച്ച് മനസ്സിലാക്കണം. മുട്ടുമടക്കി ജീവിക്കാൻ തയ്യാറല്ലാത്തതിന് ഒരുപാട് ധീരദേശാഭിമാനികൾക്ക് നിവർന്ന് നിന്ന് മരിക്കേണ്ടി വന്നിട്ടുണ്ട്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന അഹിംസയിലൂന്നിയ സഹന സമരത്തെക്കുറിച്ചും നാം അറിഞ്ഞിരിക്കണം. ഈ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുക എന്നുള്ളതാണ് പരമപ്രധാനം.

നമ്മുടെ സ്വാതന്ത്ര്യം ആരും കവർന്നെടുക്കരുത്. ദാരിദ്രത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും പരമപ്രധാനമാണ്. അതുകൊണ്ടാണ് അടുത്ത കാലത്ത് പലരേയും അസ്വസ്ഥരാക്കിയ " ബൂഖ് മാരീ സെ ആസാദീ " (ദാരിദ്രത്തിൽ നിന്നുള്ള സ്വാതന്ത്ര്യം) എന്ന മുദ്രാവാക്യം മുഴങ്ങിക്കേട്ടത്.

ഇന്ത്യ പലവിധ ഭാഷകൾ സംസാരിക്കുന്ന, പല സംസ്കാരങ്ങളും മതങ്ങളും നിലനിൽക്കുന്ന ഒരു രാജ്യമാണ്. ഈ ബഹുസ്വരത ഇവിടെ നിലനിൽക്കണം. ഒരു മലർവാടിയിൽ പല പല പൂക്കളും ചെടികളും ഉണ്ടാകും. എല്ലാറ്റിനും വളരാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണം.

ഭയം നമ്മെ വന്നു മൂടുമ്പോൾ നാം സ്വാതന്ത്ര്യത്തിൽ നിന്ന് അകന്നുപോകുന്നു.

സ്വാതന്ത്ര്യം കിട്ടി ഒരു മാസത്തിന് ശേഷം മഹാത്മാഗാന്ധി നടത്തിയ ഒരു പ്രഭാഷണമുണ്ട്. 1947 സെപ്തംബർ 22 ന്.

"എല്ലാ വെടിയുണ്ടകളും പൊട്ടിച്ച് കളയണം. ഏതു തരത്തിലും എല്ലാം നശിപ്പിച്ച് കളയണം. ആയുധങ്ങൾ എവിടെയെങ്കിലും ഒരു ഭാഗത്ത് ഒളിപ്പിച്ച് വെച്ചിട്ടുണ്ട് എന്ന ഭയം ഇല്ലാതാകണം. ഇവിടെ കരച്ചിലിന്റെ ആവർത്തനങ്ങൾ ഉണ്ടാകാൻ അനുവദിക്കരുത്. ഭീതി കുറയണം. നമുക്ക് നമ്മുടേതായ നിയമം ഉണ്ടാകണം. ബ്രിട്ടീഷുകാരന്റെ നിയമസംവിധാനത്തെ അത്രപടി പിൻതുടർന്ന് അനുകരിക്കാൻ പാടില്ല. അവർ ആയുധം കൊണ്ട് ഭരിച്ചു. നമുക്ക് ആയുധമില്ലാതെ കിട്ടിയ സ്വാതന്ത്ര്യം അർത്ഥവത്താക്കണം. ഒരു നായയെ അടിക്കാൻ വേണ്ടി മാത്രം നാം അതിനെ ചീത്തപ്പേരിട്ട് വിളിക്കരുത് ".

പ്രിയ കൂട്ടുകാരെ നമുക്ക് ഗാന്ധിജിയിലേക്ക് മടങ്ങാം.

» ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിന് തുടക്കം കുറിച്ച യുദ്ധം– പ്ലാസിയുദ്ധം